ദേശീയം/വിദേശം

കസ്റ്റഡി നീട്ടി

ടു-ജി സ്പെക്ട്രം അഴിമതിയെക്കുറിച്ചുള്ള ചോദ്യങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നുവെന്ന സി.ബി.ഐയുടെ പരാതിയെ തുടർന്ന് മുൻ മന്ത്രി എ. രാജയുടെ കസ്റ്റഡി കാലാവധി രണ്ടു ദിവസത്തേക്ക് കൂടി സ്പെഷ്യൽ കോടതി നീട്ടി.

ഒരു വിവാദം കൂടി

ഔറയിയ ജില്ലയിലെ നൗനിപൂർ ഗ്രാമത്തിൽ സന്ദർശനത്തിന് എത്തിയ യു.പി മുഖ്യമന്ത്രി മായാവതിയുടെ ചെരുപ്പിലെ പൊടി പേഴ്സണൽ സെക്യൂരിറ്റി ഓഫീസർ പദംസിംഗ് സ്വന്തം കൈലേസുകൊണ്ട് പരസ്യമായി തുടച്ചുകൊടുത്തത് വിവാദമായി. റിട്ടയേഡ് പൊലീസ് ഉദ്യോഗസ്ഥനാണ് പദംസിംഗ്.

ചർച്ചയിൽ പുരോഗതി

''ഇന്ത്യയ്ക്കും പാകിസ്ഥാനും ഇടയിലുള്ള 'വിശ്വാസ വിടവ്' നികത്താനുള്ള പ്രക്രിയയിലാണ് ഇരുരാജ്യങ്ങളും. പ്രസ്താവന നടത്തി ആരും ഈ പ്രക്രിയയെ കൊന്നുകളയരുത്.'' പാക് വിദേശകാര്യ സെക്രട്ടറി സൽമാൻ ബഷീറുമായുള്ള ചർച്ചയിലെ പുരോഗതി സൂചിപ്പിച്ചുകൊണ്ട് വിദേശകാര്യ സെക്രട്ടറി നിരുപമാറാവു.

കുരുക്ക് മുറുക്കിയത് ചാരപ്പണിയും വെടിവയ്പും കണ്ണീരും പകയും

ഇസ്ലാമബാദ് : ചാരപ്പണിയും വെടിവയ്പും കണ്ണീരും പകയും കൂടിക്കുഴഞ്ഞ് എളുപ്പം അഴിക്കാൻ കഴിയാത്തവിധം കുരുങ്ങിക്കിടക്കുകയാണ് യു.എസ്-പാക് ബന്ധം വഷളാക്കിയ റെയ്മണ്ട് ഡേവിസ് പ്രശ്നം.

അമേരിക്ക വച്ചു നീട്ടുന്ന സഹായങ്ങൾ ഇരുകൈയും നീട്ടി വാങ്ങുമ്പോഴും പാക് ജനത വച്ചുപുലർത്തുന്ന അമേരിക്കൻ വിദ്വേഷത്തിന്റെ പശ്ചാത്തലവുമുണ്ട് പ്രശ്നത്തിന്.

സംഭവത്തിലെ മുഖ്യ കഥാപാത്രമായ റെയ്മണ്ട് ഡേവിസ് പാകിസ്ഥാനിൽ യു.എസ് സ്ഥാനപതികാര്യാലയത്തിലെ സ്വകാര്യ സുരക്ഷാ ജീവനക്കാരനാണ്. കഴിഞ്ഞമാസം ഡേവിസ് രണ്ടു പാകിസ്ഥാനികളെ വെടിവച്ചുകൊന്നു. തന്നെ കൊള്ളയടിക്കാൻ ശ്രമിച്ചവരെ ആത്മരക്ഷാർത്ഥം വെടിവച്ചുവെന്നാണ് ഡേവിസിന്റെ വാദം. ഏതായാലും, രണ്ടു പാക് പൗരന്മാരെ കൊന്നതിന് ഡേവിസ് അകത്തായി.

സ്വാഭാവികമായും അമേരിക്ക ഇടപെട്ടു. ഡേവിസിന് നയതന്ത്ര പരിരക്ഷയുള്ളതിനാൽ മോചിപ്പിക്കണമെന്നായി അമേരിക്ക.

കവർച്ചക്കാരല്ല

ഡേവിസിന്റെ വെടിയേറ്റ് മരിച്ചത് രണ്ടു കവർച്ചക്കാരായിരുന്നുവെങ്കിൽ പ്രശ്നം അവിടെ തീരേണ്ടതായിരുന്നു. എന്നാൽ, കൊല്ലപ്പെട്ടത് കവർച്ചക്കാരായിരുന്നില്ല; പാക് ചാര സംഘടനയായ ഐ.എസ്.ഐയുടെ രണ്ട് ഏജന്റുമാരായിരുന്നു. ഡേവിസിന്റെ ചാരപ്പണി രഹസ്യമായി നിരീക്ഷിക്കുകയായിരുന്നു ഇരുവരും. കള്ളി വെളിച്ചത്താകുമെന്ന് മനസ്സിലാക്കി ഡേവിസ് ഇരുവരെയും നിശബ്ദരാക്കുകയായിരുന്നു.

ഡേവിസിന്റെ മോചനത്തിന് അമേരിക്ക സമ്മർദ്ദം വർദ്ധിപ്പിച്ചപ്പോൾ ചാരപ്പണിയുടെ കഥ ഐ.എസ്.ഐ മാദ്ധ്യമങ്ങൾക്ക് ചോർത്തിക്കൊടുത്തു. കവർച്ചക്കാരെയല്ല ഡേവിസ് കൊലപ്പെടുത്തിയതെന്ന് അറിഞ്ഞതോടെ പാക് ജനത ഇളകി. ഭീകരവേട്ടയുടെ പേരിൽ യു.എസ് പൈലറ്റില്ലാ വിമാനങ്ങൾ ബോംബാക്രമണം നടത്തുകയും നിരപരാധികളായ പാക് പൗരന്മാർവരെ മരിക്കുകയും ചെയ്യുന്നുണ്ട്. അത് ഒരു അവകാശം പോലെയാണ് അമേരിക്ക കാണുന്നത്. എന്നിട്ട്,

റെയ്മണ്ട് ഡേവിസ്

ഒരു അമേരിക്കക്കാരനെ കൊലക്കുറ്റത്തിന് ജയിലിലാക്കിയപ്പോൾ വെറുതെ വിടണമെന്നോ? പറ്റില്ലെന്നായി പാക് ജനത.

വിധവയുടെ പക

ഈ ഘട്ടത്തിലാണ് പ്രശ്നം കൂടുതൽ വഷളാക്കിക്കൊണ്ട് ഒരു ആത്മഹത്യ കൂടി അരങ്ങേറിയത്. ഡേവിസിന്റെ വെടിയേറ്റ് മരിച്ച കൻവാളിന്റെ വിധവ ഷുമൈലയാണ് വിഷം കഴിച്ച് ജീവൻ ഒടുക്കിയത്. ആശുപത്രിയിൽ മരണവുമായി മല്ലടിച്ചു കഴിയവെ ഷുമൈല അന്ത്യാഭിലാഷം പോലെ പറഞ്ഞു : ''എന്റെ ഭർത്താവിനെ വെടിവച്ച് കൊന്നവനെ അതേപോലെ കൊന്നാലേ എനിക്ക് നീതി ലഭിക്കൂ''.

അതോടെ, സംഭവത്തിന് കണ്ണീരിന്റെയും ശപഥത്തിന്റെയും പിരിമുറുക്കം കൂടിയായി.

പാകിസ്ഥാനിലെ ജനങ്ങളിൽ ഭൂരിഭാഗത്തിനും അമേരിക്കയെ പണ്ടേ കണ്ടുകൂടാ. അപ്പോഴാണ് ഈ സംഭവം. ഡേവിസിനെ വിട്ടയച്ചാൽ കടുത്ത ജനരോഷത്തിന് പാക് ഭരണകൂടം ഇരയാകും. വിട്ടയച്ചില്ലെങ്കിലോ, അമേരിക്കയ്ക്ക് സഹായം നിറുത്തേണ്ടിവരും. യഥാർത്ഥ പ്രശ്നം വരാനിരിക്കുന്നതേയുള്ളൂ വെന്ന് അർത്ഥം.

പാകിസ്ഥാന്റെ ആശങ്ക

ഭീകരവിരുദ്ധ നടപടിക്ക് സഹായം നൽകുന്നതിന് പ്രതിഫലമായി അമേരിക്കയിൽ നിന്ന് കോടിക്കണക്കിന് ഡോളറിന്റെ സഹായമാണ് ലഭിക്കുന്നത്. ബന്ധം ഉപേക്ഷിച്ചാൽ ഈ സഹായം നഷ്ടമാകും.

അമേരിക്കയുടെ ആശങ്ക

അഫ്ഗാനിസ്ഥാനിൽ വിന്യസിച്ചിരിക്കുന്ന 1,40,000 യു.എസ് സൈനികർക്ക് ഭക്ഷ്യവസ്തുക്കൾ അടക്കം എല്ലാം എത്തിക്കുന്നത് പാകിസ്ഥാനിലൂടെയാണ്. പാകിസ്ഥാനെ പിണക്കിയാൽ ഈ മാർഗ്ഗം അടയും.

ഐ.എസ്.ഐയുടെ ആവശ്യം

മുംബയ് ഭീകരാക്രമണവുമായി ബന്ധപ്പെട്ട് ഐ.എസ്.ഐയിലെ ഉന്നതരോട് ഹാജരാകാൻ നിർദ്ദേശിച്ചിരിക്കുകയാണ് അമേരിക്ക. യു.എസ് – പാക് ബന്ധം മുറിഞ്ഞാൽ അമേരിക്കയിൽ വിചാരണ നേരിടാൻ പോകേണ്ടതില്ല.

എസ്-ബാൻഡ് സ്പെക്ട്രം
ആരോപണം അടിസ്ഥാനരഹിതം

ന്യൂഡൽഹി : എസ്-ബാൻഡ് സ്പെക്ട്രം അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലെന്നും അതിനാൽ രണ്ടുലക്ഷം കോടിയുടെ നഷ്ടമുണ്ടായെന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

സി.എ.ജിയുടെ ഓഫീസും ബഹിരാകാശ വകുപ്പും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ഐ.എസ്.ആർ.ഒയുടെ വാണിജ്യ വിഭാഗമായ 'ആൻട്രിക്സും', 'ദേവാസ് മൾട്ടി മീഡിയ' എന്ന സ്വകാര്യ കമ്പനിയും തമ്മിലുണ്ടാക്കിയ കരാറിൽ ഭീമമായ നഷ്ടമുണ്ടായെന്നായിരുന്നു ആരോപണം. പ്രധാനമന്ത്രി ഇതുസംബന്ധിച്ച് വിശദീകരണം നൽകണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നു.

സ്പെക്ട്രം ഇടപാട് അസാധു: ഐ. എസ്. ആർ. ഒ

ന്യൂഡൽഹി: സ്വകാര്യ കമ്പനിക്ക് എസ് ബാൻഡ് സ്പെക്ട്രം നൽകിയതിലൂടെ സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന വാർത്ത ഐ. എസ്. ആർ. ഒ നിഷേധിച്ചു. ഐ. എസ്. ആർ. ഒയുടെ വാണിജ്യവിഭാഗമായ ആൻട്രിക്സും ദേവാസ് കമ്പനിയും തമ്മിൽ സ്പെക്ട്രം ഇടപാടിനായി ഉണ്ടാക്കിയ ധാരണയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. അതിനാൽ വരുമാന നഷ്ടം ഉണ്ടായെന്ന ആരോപണത്തിൽ കഴമ്പില്ലെന്നും ഐ. എസ്. ആർ. ഒ ചെയർമാൻ കെ. രാധാകൃഷ്ണൻ വ്യക്തമാക്കി. ദേവാസ് എന്ന കമ്പനിയുമായി ഉണ്ടാക്കിയ ധാരണയ്ക്ക് 2005ൽ ആൻട്രിക്സ് ബോർഡ് പ്രാഥമിക അനുമതി നൽകിയിരുന്നു. എന്നാൽ 2009ൽ ഐ. എസ്. ആർ. ഒ ഇക്കാര്യത്തിൽ കൂടുതൽ വിശകലനം ആവശ്യമാണെന്ന് തീരുമാനിച്ചു. 2010 ജൂലായിൽ പ്രധാനമന്ത്രിയുടെ ഓഫീസും ഇതു ശരിവച്ചു. തുടർന്ന് തീരുമാനം സ്പേഷ് കമ്മിഷന്റെ പരിഗണനയ്ക്ക് വിട്ടു. കരാർ അസാധുവാക്കാനാണ് കമ്മിഷൻ നിർദ്ദേശിച്ചത്. ഐ. എസ്. ആർ. ഒ അതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തു. ഇത് സങ്കീർണമായ പ്രക്രിയയാണെന്നും താമസിയാതെ പൂർത്തിയാക്കുമെന്നും രാധാകൃഷ്ണൻ പറഞ്ഞു.

മുബാറക്കിന്റെ പുതിയ അടവ് ശമ്പളവർദ്ധന

കെയ്റോ : ഈജിപ്തിൽ പ്രക്ഷോഭം തണുപ്പിക്കാനും അധികാരം നിലനിറുത്താനുമായി പ്രസിഡന്റ് ഹോസ്നി മുബാറക്ക് ഒരടവുകൂടി പുറത്തെടുത്തു – സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ 15 ശതമാനം വർദ്ധന.

തിരഞ്ഞെടുപ്പിലെ കള്ളക്കളിയെക്കുറിച്ചും അഴിമതിയെക്കുറിച്ചും അന്വേഷിക്കാമെന്ന വാഗ്ദാനം ഫലിക്കാതെ വന്നപ്പോഴാണ് പുതിയ അടവ്. ഈജിപ്തിൽ 60 ലക്ഷത്തോളം സർക്കാർ ജീവനക്കാരുണ്ട്. ഏപ്രിലിൽ ശമ്പളവർദ്ധന നടപ്പാക്കുമെന്ന് വാഗ്ദാനം.

ഇതേസമയം, മുബാറക്ക് ഒഴിയണമെന്ന ആവശ്യവുമായി തഹിറിർ സ്ക്വയറിൽ തന്നെ നിൽക്കുകയാണ് ആയിരക്കണക്കിന് പ്രക്ഷോഭകർ. മുബാറക്കിനെ വിശ്വസിക്കാനാവില്ലെന്നാണ് പ്രക്ഷോഭകർ പറയുന്നത്.

പൊലീസ് വെടിവയ്പിൽ രണ്ടു മരണം

ജൽപായ്ഗുഡി : ജില്ലയിൽ നഗർകാടയിലെ ഒരു തേയിലത്തോട്ടത്തിൽ നിരോധനാജ്ഞ ലംഘിച്ച് പ്രകടനം നടത്തിയ ഗൂർഖാ ജനമുക്തി മോർച്ച പ്രവർത്തകർക്കു നേരേ പൊലീസ് നടത്തിയ വെടിവയ്പിൽ രണ്ടു പേർ മരണമടഞ്ഞു. കല്ലേറിൽ നിരവധി പൊലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്.

മഅ്ദനിയുടെ ജാമ്യഹർജിയിൽ വാദം നാളെ

ബാംഗ്ളൂർ: ബാംഗ്ളൂർ സ്ഫോടന കേസുമായി ബന്ധപ്പെട്ട് പിടിയിലായ പി. ഡി. പി. നേതാവ് അബ്ദുൽ നാസർ മഅ്ദനിയുടെ ജാമ്യഹർജിയിൽ കർണാടക ഹൈക്കോടതി നാളെ വാദം കേൾക്കും. ഇന്നലെ കർണാടക സർക്കാരിന് വേണ്ടി ഹാജരായ അഡ്വക്കേറ്റ് ജനറൽ അശോക്ഹരനഹള്ളി ജാമ്യഹർജിക്കെതിരെ വിയോജിപ്പ് കോടതിയിൽ സമർപ്പിച്ചു. വാദം തുടങ്ങുന്നതിന് രണ്ടുദിവസത്തെ സമയം അഭ്യർത്ഥിച്ചു. കേസ് പരിഗണിച്ച ജസ്റ്റീസ് വി. ജഗന്നാഥൻ ഇത് അനുവദിച്ചു.

2008 ജൂലായ് 25 നാണ് ബാംഗ്ളൂർ സ്ഫോടന പരമ്പര നടന്നത്. ഇതിലെ 32 പ്രതികളിൽ ഒരാളാണ് മഅ്ദനി. 2010 ജൂണിലാണ് മഅ്ദനിലെ കേസിലെ രണ്ടാം കുറ്റപത്രത്തിൽ പ്രതിയായി ചേർത്തത്. തുടർന്ന് ആഗസ്റ്റ് 17 ന് കേരളത്തിൽ നിന്ന് അറസ്റ്റ് ചെയ്ത് ബാംഗ്ളൂരിൽ കൊണ്ടുവന്നു. അന്നുമുതൽ ജയിലിലാണ്. പത്തുവർഷം മുമ്പ് കോയമ്പത്തൂർ സ്ഫോടന കേസിലും മഅ്ദനിയെ പ്രതിചേർത്തിരുന്നു.

ബാംഗ്ളൂർ സ്ഫോടന കേസ് 2010 ഡിസംബർ മൂന്നിന് എ. സി. എം. എം കോടതി വിചാരണകോടതിയിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുവരെ വിചാരണ ആരംഭിച്ചിട്ടില്ല.

ഐ.ഐ.ടി വിദ്യാർത്ഥി ജീവനൊടുക്കിയത് ജാതിപ്പേരു വിളിച്ച് അവഹേളിച്ചതുമൂലം

മുസാഫർനഗർ : ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതിൽ മനംനൊന്താണ് റൂർക്കി ഐ. ഐ.ടിയിലെ ദളിത് വിദ്യാർത്ഥി മനീഷ്കുമാർ ജീവനൊടുക്കിയതെന്ന് അറിവായി.

കഴിഞ്ഞ ശനിയാഴ്ച ഹോസ്റ്റലിലെ ആറാം നിലയിൽ നിന്ന് ചാടിയാണ് മനീഷ് ജീവനൊടുക്കിയത്.

സീനിയർ വിദ്യാർത്ഥികൾ തന്നെ ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതിനെക്കുറിച്ച് മനീഷ് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതരോട് പരാതിപ്പെട്ടിരുന്നു. പക്ഷേ, ഒരു നടപടിയുമുണ്ടായില്ല. ബിടെക് മൂന്നാംവർഷ വിദ്യാർത്ഥിയാണ് മനീഷ്. ഒന്നാം വർഷ ദളിത് വിദ്യാർത്ഥികൾ ജാതിയുടെ പേരിൽ പീഡനം നേരിടേണ്ടിവന്നാലും പുറത്തു പറയാറില്ല. താരതമ്യേന സീനിയറായ തനിക്കുപോലും അവഹേളനത്തിൽ നിന്ന് മോചനമില്ലല്ലോയെന്ന ചിന്തയാണ് മനീഷിനെ കടുംകൈയ്ക്ക് പ്രേരിപ്പിച്ചത്.

മനീഷിന്റെ മരണത്തെക്കുറിച്ച് സ്വതന്ത്ര അന്വേഷണം വേണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ പ്രതികരിക്കാൻ തയ്യാറായിട്ടില്ല.

യു.പി മുഖ്യമന്ത്രി മായാവതിയെ താറടിക്കാൻ ഒന്നിനു പിറകേ ഒന്നായി വിവാദങ്ങൾ കുത്തിപ്പൊക്കുന്ന മാദ്ധ്യമങ്ങൾ ദളിത് വിദ്യാർത്ഥികൾ നേരിടുന്ന പീഡനങ്ങളെക്കുറിച്ച് മൗനംപാലിക്കുകയാണ് പതിവ്. റൂർക്കി ഐ.ഐ.ടി ഉത്തരാഖണ്ഡിലാണ്.

കടൽക്കൊള്ളക്കാർക്കു പിന്നിൽ വൻശക്തികൾ: പ്രതിരോധ മന്ത്രി

കൊച്ചി: ഇന്ത്യൻ മഹാസമുദ്രത്തിലെ സൊമാലിയൻ കടൽക്കൊള്ളക്കാർക്കു പിന്നിൽ വൻശക്തികളുണ്ടെന്ന് സംശയിക്കുന്നതായി കേന്ദ്രപ്രതിരോധ മന്ത്രി എ.കെ. ആന്റണി പറഞ്ഞു. ഇവരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഇതിനായി അന്വേഷണം നടക്കുകയാണ്.

കളമശേരി കിൻഫ്ര ഹൈടെക് പാർക്കിൽ ഭാരത് ഇലക്ട്രോണിക് ലിമിറ്റഡ് ആരംഭിച്ച ഉത്പന്ന സഹായ കേന്ദ്രം ഉദ്ഘാടനം ചെയ്ത ശേഷം പത്രപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊള്ളക്കാർക്ക് പിന്നിൽ ഏതെങ്കിലും രാജ്യമാണോ സംഘടനയാണോ എന്നറിയില്ല. പ്രമുഖ രാജ്യങ്ങളുടെ നട്ടെല്ലായ വിദേശവ്യാപാരത്തിന്റെ 95 ശതമാനവും നടക്കുന്നത് കടൽ മാർഗമാണ്. ഇത് അട്ടിമറിക്കുകയാണ് ഇവരുടെ ലക്ഷ്യം. ഏതെങ്കിലും വൻശക്തിയുടെ പിന്തുണയില്ലാതെ റഷ്യ, അമേരിക്ക, ഇംഗ്ളണ്ട്, ഫ്രാൻസ്, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾക്കെതിരെ നിൽക്കാൻ കൊള്ളക്കാർക്കാവില്ല.

ഇന്ത്യൻ തീരങ്ങളും സുരക്ഷിതമല്ലെന്നും കോസ്റ്റ്ഗാർഡും നേവിയും സംയുക്തമായി നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ആന്റണി പറഞ്ഞു.

കവിതയെ തൊട്ടറിഞ്ഞ ചിത്രംകണ്ട് കവിഹൃദയം വിതുമ്പി

തിരുവനന്തപുരം: മൂന്നര പതിറ്റാണ്ടു മുമ്പ് ഹൃദയംകൊണ്ട് കവി കോറിയിട്ട വരികൾ, കാലമേറെക്കഴിഞ്ഞിട്ടും പ്രസക്തി ചോരാതെ– നിരാശ്രയത്വത്തിന്റെ നൊമ്പരനിഴൽ പോലെ. മാരനെയും മണാളനെയുമല്ല, മാനം കാക്കാൻ ഒരാങ്ങളയെ തേടിയ പെൺകുട്ടിയുടെ മുഖമാണ് അന്ന് കവി നമുക്കു വരച്ചുകാട്ടിയത്.

മാരനാവേണ്ടയാൾക്കു മുന്നിൽ മുഖമൊന്നു കാട്ടാനുള്ള യാത്രയ്ക്കിടെ കിരാതനാൽ ജീവിതത്തിൽ നിന്നു തന്നെ പറിച്ചെറിയപ്പെട്ട സൗമ്യയെന്ന യുവതിയെ കേന്ദ്രബിന്ദുവാക്കിയ കാർട്ടൂൺ കണ്ടപ്പോൾ, അതേ കവിഹൃദയം ഒന്നു പിടഞ്ഞു. വിറയാർന്ന കരങ്ങൾകൊണ്ടു കാർട്ടൂണിസ്റ്റിനെ ചേർത്തു നിറുത്തുമ്പോൾ, പതറാത്ത കവിയുടെ മിഴിക്കോണുകളിൽ നിറഞ്ഞത് വിഷാദഭാവം. ഒ.എൻ.വിക്കു ജ്ഞാനപീഠ പുരസ്കാരം സമർപ്പിക്കുന്നതിനു മുന്നോടിയായി, സാംസ്കാരിക വകുപ്പ് വി.ജെ.ടി ഹാളിൽ ഇന്നലെ രാവിലെ സംഘടിപ്പിച്ച ഒ.എൻ.വി കവിതകളെ ആസ്പദമാക്കിയുള്ള കാർട്ടൂൺ, കാരിക്കേച്ചർ രചനാ വേദിയാണ് കവിയെ തന്റെ പഴയകവിതയുടെ ഓർമ്മകളിലേക്ക് കൊണ്ടുപോയത്.

റെയിൽവേ ട്രാക്കിൽ മാനഭംഗത്തിനിരയായി മരണമടഞ്ഞ സൗമ്യയുടെ ദുരന്തം കാൻവാസിൽ ചിത്രീകരിച്ചത് കേരളകൗമുദി കാർട്ടൂണിസ്റ്റ് ടി.കെ.സുജിത്താണ്. ചിത്രത്തിനൊപ്പം, ഒ.എൻ.വിയുടെ പ്രസിദ്ധമായ 'കോതമ്പുമണികൾ' എന്ന കവിതയിലെ ഒളിമങ്ങാത്ത ആ വരികളും ചേർത്തിരുന്നു.

'പേടിച്ചരണ്ട നിൻ കണ്ണുകൾ
രാപ്പകൽ തേടുന്നതാരെയെന്നറിവൂ ഞാൻ
മാരനെയല്ല, മണാളനെയല്ല
നിൻ മാനം കാക്കുമൊരാങ്ങളയെ
കുതിരപ്പുറത്തു തന്നുടവാളുമായവൻ
കുതികുതിച്ചെത്തുന്നതെന്നാവോ ?

രചന കണ്ടതോടെ വികാരവിവശനായ ഒ.എൻ.വി, തന്റെ ഉള്ളിലുള്ളതു രചയിതാവിനെ അഭിനന്ദനരൂപത്തിൽ അറിയിച്ചു. ' മുപ്പത്തിനാലു വർഷം മുമ്പ് ഞാനെഴുതിയ വരികൾക്ക് ഇന്നും പ്രസക്തിയുണ്ടെന്നു കാണുമ്പോൾ കവിയെന്ന നിലയിൽ വല്ലാത്തൊരു വികാരം തോന്നുന്നു'.

കാനായി കുഞ്ഞിരാമൻ, നേമം പുഷ്പരാജ്, വർഗ്ഗീസ് പുനലൂർ, പി.വി.കൃഷ്ണൻ, രവീന്ദ്രൻ പുത്തൂർ, കേരള കൗമുദി ഗ്രാഫിക് ആർട്ടിസ്റ്റ് ദിജിത്ത്, കാരയ്ക്കാമണ്ഡപം വിജയകുമാർ, കാട്ടൂർ നാരായണപിള്ള, ഗോപീദാസ് തുടങ്ങിയവർ ചിത്രരചനയിൽ പങ്കെടുത്തു.

താൻ പരീക്ഷിച്ചു പരാജയപ്പെട്ട മേഖലകളാണ് ചിത്രരചനയും സംഗീതവുമെന്ന് ചടങ്ങിൽ സംസാരിക്കവെ ഒ.എൻ.വി പറഞ്ഞു. പാട്ടു പഠിക്കാനായി വാങ്ങിയ ഹാർമോണിയം പിന്നീട് തന്റെ പേരക്കിടാങ്ങളാണ് ഉപയോഗിച്ചത്–ഒ.എൻ.വി. പറഞ്ഞു.

വി.ജെ.ടി ഹാളിൽ ഒ.എൻ.വിക്കു ജ്ഞാനപീഠ പുരസ്കാര സമർപ്പണത്തിന് മുന്നോടിയായി സംഘടിപ്പിച്ച കാർട്ടൂൺ കാരിക്കേച്ചർ രചനാ ചടങ്ങിൽ കേരളകൗമുദി കാർട്ടൂണിസ്റ്റ് ടി.കെ. സുജിത്തിന്റെ രചന ഒ.എൻ.വി കുറുപ്പ് നോക്കിക്കാണുന്നു

ഷൂട്ട് @ സൈറ്റ്

എം.ആർ. മനു

'അടി' തെറ്റല്ലേയെന്റെ കമ്മിഷണറേ.... *മഴയെത്തുടർന്ന് പടിയിൽ നിന്ന് തെന്നിവീഴാൻപോകുന്ന തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർ എം.ആർ. അജിത്കുമാറിനെ മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഇടംകൈകൊണ്ട് താങ്ങിപ്പിടിക്കുന്നു. പൂജപ്പുരയിലെ പൊലീസ് ഫാമിലി ക്വാർട്ടേഴ്സ് ഉദ്ഘാടനത്തിനെത്തിയതായിരുന്നു ഇവർ*

കണ്ണന്താനത്തിന്റെ ഉറഞ്ഞാട്ടം, ഉപദേശം

നിയമസഭയിൽ

ബി. വി. പവനൻ

കുഞ്ഞാലിക്കുട്ടി വിഷയത്തിൽ കൂട്ട അടിക്കുള്ള പുറപ്പാട്. ശബരിപാതയുടെ പേരിൽ നിയന്ത്രണംവിട്ട പദപ്രയോഗങ്ങൾ. ഇപ്പോഴത്തെ നിയമസഭയുടെ അവസാന സമ്മേളനത്തിൽ അന്തസ്സ് ഇടിഞ്ഞു താഴുകയാണ്. സഭയുടെ മാന്യത കാക്കണമെന്ന് സ്പീക്കർ പറഞ്ഞിട്ടും ഫലമുണ്ടായമട്ടില്ല.

കുഞ്ഞാലിക്കുട്ടി വിഷയത്തിൽ ആരുടെയോ ഭാഗ്യത്തിന് ഇന്നലെ അടി വീണില്ലെന്നേയുള്ളൂ. ബാക്കി എല്ലാം ഉണ്ടായി. ചേഷ്ട കാണിക്കൽ, അലർച്ച, അടിക്കാനായി പാഞ്ഞടുക്കൽ എല്ലാം. മുക്കാൽ മണിക്കൂർ സഭ നിറുത്തിവയ്ക്കേണ്ടിയും വന്നു. കുഞ്ഞാലിക്കുട്ടി കുറ്റക്കാരനാണ് എന്നു തെളിഞ്ഞു എന്ന് സി.പി.എമ്മിലെ കെ.കെ. ശൈലജ പറഞ്ഞതാണ് കുഴപ്പത്തിന് കാരണമായതെങ്കിൽ പിന്നീട് അതിനെക്കാൾ കൂടിയ കാര്യങ്ങളാണ് ആഭ്യന്തരമന്ത്രി കോടിയേരി പറഞ്ഞത്. റൗഫിന്റെ ആരോപണങ്ങൾ ഒൻപതായി സംഗ്രഹിച്ച് കോടിയേരി ഒന്നൊന്നായി പറഞ്ഞു. ഇത് കേവലം ലൈംഗിക ചൂഷണം മാത്രമല്ല, അധികാരത്തിന്റെ തണലിൽ ക്രിമിനൽ നിയമനിർവഹണത്തെ തന്നെ അട്ടിമറിക്കുന്നതാണെന്നുവരെ കോടിയേരി പറഞ്ഞെങ്കിലും സംയമനപൂർവം ലീഗുകാർ കേട്ടിരുന്നതേയുള്ളൂ. ഐസ്ക്രീം കേസിൽ ലീഗിനോടൊപ്പം നിന്ന് പോരാടാൻ കോൺഗ്രസ് ഇന്നലെയും വലിയ ഉത്സാഹം കാട്ടിയില്ല എന്നതും ശ്രദ്ധേയമായി.

നിയമസഭയിൽ എല്ലാവരെയും നിലംപരിശാക്കാനുള്ള ശക്തിയും തന്റേടവുമുള്ള പി.സി. ജോർജിനെ അൽഫോൺസ് കണ്ണന്താനം ശരിപ്പെടുത്തുന്ന കാഴ്ച വീർപ്പുമുട്ടലോടെയാണ് സഭ കണ്ടിരുന്നത്. ശബരിപാതയ്ക്ക് എതിരുനില്ക്കുന്ന എം.എൽ.എ നിയമസഭ കാണില്ലെന്ന് വെള്ളാപ്പള്ളി പറഞ്ഞത് കണ്ണന്താനത്തെ ഉദ്ദേശിച്ചാണെന്ന് ഒരു പത്രസമ്മേളനത്തിൽ പി.സി. ജോർജ് പറഞ്ഞതാണ് കണ്ണന്താനത്തെ പ്രകോപിപ്പിച്ചത്. ശരിക്കും പ്രതി ജോർജാണത്രേ. കുട്ടിക്കാലംമുതൽ ഐ.എ.എസ് കടന്ന് എം.എൽ.എ ആയതുവരെയുള്ള ജീവിതകഥ വിവരിച്ചിട്ടാണ് കണ്ണന്താനം ജോർജിനെ കൈകാര്യം ചെയ്തത്. പൂഞ്ഞാറിലെ ഏക ജഡ്ജിയും ഏക പൊലീസും ഏക വില്ലേജ് ഓഫീസറുമാണോ നിങ്ങൾ എന്നൊക്കെയായിരുന്നു കണ്ണന്താനത്തിന്റെ ചോദ്യം. തട്ടിപ്പ് കൊണ്ടുമാത്രം ജീവിക്കുന്നയാൾ, ജീവിതം മുഴുവൻ കളവുപറയുന്ന മനുഷ്യൻ തുടങ്ങിയ വിശേഷണങ്ങളും കണ്ണന്താനം ചാർത്തുന്നതു കണ്ടപ്പോൾ നിയമസഭയിൽ തന്നെയാണോ ഇരിക്കുന്നതെന്ന് സംശയം തോന്നി. ഇനിയെങ്കിലും നിങ്ങൾ മാന്യമായി ജീവിക്കാൻ പഠിക്കണമെന്ന ഉപദേശവും കണ്ണന്താനം നൽകി. പിന്നീട് ജോർജിന് വ്യക്തിപരമായ വിശദീകരണത്തിന് സ്പീക്കർ അനുമതി നൽകിയെങ്കിലും കണ്ണന്താനത്തിന്റെ അതേ ശൈലിയിൽ തിരിച്ചടിക്കാൻ ജോർജിന് കഴിഞ്ഞില്ല. ആരോപണങ്ങൾ അദ്ദേഹം നിഷേധിച്ചു എന്നുമാത്രം.

കുഞ്ഞാലിക്കുട്ടിയിൽ നിന്നും ഐസ്ക്രീമിൽ നിന്നുമെല്ലാം മാറി കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിന്റെ വിലയിരുത്തലിലേക്ക് കടക്കാൻ നന്ദിപ്രമേയ ചർച്ചയുടെ രണ്ടാം ദിവസമായ ഇന്നലെ മിക്കവരും ശ്രമിച്ചെങ്കിലും അറിയാതെതന്നെ അവർ ഐസ്ക്രീമിലേക്ക് ചെന്നു വീണുകൊണ്ടിരുന്നു. ഐസ്ക്രീമിനെപ്പറ്റി രണ്ടുദിവസമായി നടക്കുന്ന ചർച്ചകൾ ജനങ്ങൾ കാണുകയല്ലേ എന്ന് എ.പി. അനിൽകുമാർ പരിതപിച്ചപ്പോൾ നമുക്ക് സഭയുടെ പുറത്ത് 'അഡൽറ്റ്സ് ഒൺലി' ബോർഡ് വയ്ക്കാം എന്ന് സമാധാനപ്പെടുത്തൽ. മുസ്ലിംലീഗുകാരുടെ ഒരു യോഗത്തിൽ ഐസ്ക്രീം വില്ക്കാൻ അബദ്ധത്തിൽ ചെന്നു ചാടിയ ഒരു പയ്യനെ ലീഗുകാർ പഞ്ചറാക്കിയ കഥ പി.വി. അബ്ദുള്ളക്കുട്ടി (സി.പി.എം) പറഞ്ഞു. നിഷ്കളങ്കനും നീതിമാനും നിർമ്മലനുമായ കുഞ്ഞാലിക്കുട്ടിയെ പീഡിപ്പിക്കുന്നതിൽ കുട്ടി അഹമ്മദ്കുട്ടി (ലീഗ്) രോഷംകൊണ്ടു. കേസ് നന്നായി അന്വേഷിച്ചെന്ന് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കെ പറഞ്ഞപ്പോൾ എതിർത്ത ആളാണ് വി.എസ്. ഇന്നും അതുതന്നെ ചെയ്യുന്നു. ജീവിച്ചിരിക്കെ നായനാർക്ക് സ്വൈര്യം കൊടുക്കാത്ത വി.എസ് മരിച്ചിട്ടും സ്വൈര്യം കൊടുക്കുന്നില്ലെന്നാണ് കുട്ടിയുടെ പരാതി.

കുഞ്ഞാലിക്കുട്ടി നിഷ്കളങ്കനാണെങ്കിൽ സ്വയം നാർകോ അനാലിസിസിന് വിധേയനായിക്കൂടേ എന്നായി പി. കൃഷ്ണപ്രസാദ്.

പിണറായിയുടെ നയം അച്യുതാനന്ദനെ എങ്ങനെയും പുറത്താക്കുക എന്നതാണ്. അച്യുതാനന്ദന്റെയാകട്ടെ പിണറായിയെ എങ്ങനെയും അകത്താക്കുക എന്നതും. ഇതിനിടയിലെവിടെയാണ് ഭരണമെന്ന് വർക്കല കഹാർ ചോദിച്ചു.

വിലക്കയറ്റത്തിന്റെ തീച്ചൂളയിൽ നിന്ന് കേരളത്തെ ഈ സർക്കാർ രക്ഷിച്ചില്ലേ എന്ന് കെ.കെ. ലതിക ചോദിച്ചു. പെൺകുട്ടികളെ മാനം മര്യാദയായി ജീവിക്കാൻ രാഷ്ട്രീയ നേതാക്കൾ സമ്മതിക്കാത്ത അവസ്ഥ അപമാനമാണെന്ന് ബാബു എം. പാലിശ്ശേരി പറഞ്ഞു. സ്വിസ് ബാങ്കിലെ കള്ളപ്പണക്കാരെപ്പറ്റിയുള്ള റിപ്പോർട്ട് കേന്ദ്രം പൂഴ്ത്തിവയ്ക്കാൻ ഇതെന്താ പ്രണയലേഖനമാണോ എന്ന് മാത്യു ടി. തോമസ് ചോദിച്ചു. യു.ഡി.എഫിൽ രണ്ടാമൻ ആരാകണം എന്ന മത്സരമാണ് ഐസ്ക്രീം കേസ് പുറത്തുവരാൻ കാരണമെന്ന് എ.എം. ആരിഫ് പറഞ്ഞു. സ്മാർട്ട്സിറ്റി നാലരവർഷം താമസിച്ചാലെന്ത് കോടാനുകോടികളുടെ ലാഭമുണ്ടായില്ലേ എന്നായിരുന്നു രാജു എബ്രഹാമിന്റെ വിലയിരുത്തൽ.